## പതിമൂന്നാം കേരളനിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4843 27.06.2014-ൽ മറുപടിക്ക്.

### പഞ്ചായത്തുകളിലെ ജൈവവൈവിധ്യ രജിസ്റ്ററുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ഡി. സതീശൻ<br>ശ്രീ.എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.വി.റ്റി. ബൽറാം. | ഡോ.എം.കെ.മുനീർ<br>(ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) പഞ്ചായത്തുകളിൽ ജൈവവൈവിധ്യ രജിസ്റ്ററുകൾ തയ്യാറാക്കാൻ നടപടികളെടുത്തിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. പഞ്ചായത്തുകളിൽ ജൈവവൈവിദ്ധ്യ രജിസ്റ്റർ തയ്യാറാക്കൽ ഒരു അനിവാര്യ പദ്ധതിയാക്കിയിട്ടുണ്ട്. പഞ്ചായത്തുകൾക്ക് അവരുടെ തനത് ഫണ്ടിൽ നിന്നോ വികസന ഫണ്ടിൽ നിന്നോ പ്രസ്തുത പദ്ധതിക്കു വേണ്ട തുക ചെലവാക്കാവുന്നതാണ്. പരമാവധി 1,25,000/- രൂപ വരെ ചെലവഴിച്ച് രജിസ്റ്റർ തയ്യാറാക്കുന്നതിന് 30.11.2013-ലെ സ.ഉ.(സാധാ)നം.2945/2013/ തസ്വഭവ പ്രകാരം പഞ്ചായത്തുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) 2008 ലെ കേരള ബയോളജിക്കൽ ഡൈവേഴ്സിറ്റി റൂൾസിലെ ചട്ടം 20(7) പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അതാത് ബി.എം.സി. കളുടെ മേൽനോട്ടത്തിൽ ജൈവവൈവിദ്ധ്യ രജിസ്റ്റർ തയ്യാറാക്കേണ്ടത് നിയമപരമായ ചുമതലയാണ്. പ്രാദേശിക ജൈവവൈവിദ്ധ്യത്തെക്കുറിച്ചുള്ള അറിവ്, ഉപയോഗം, ഉപയോഗരീതി, അവയുടെ ലഭ്യത എന്നിവ സംബന്ധിച്ച വിവരങ്ങളും പരമ്പരാഗത വിജ്ഞാനവും രേഖപ്പെടുത്തി സംരക്ഷിക്കുക എന്നതാണ് ജൈവവൈവിദ്ധ്യ രജിസ്റ്റർ തയ്യാറാക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| (സി) സംസ്ഥാനത്തിന്റെ വികസനത്തിന് അടിസ്ഥാന രേഖയാക്കി മാറ്റുന്നതിന് എന്തെല്ലാം വിവരങ്ങളാണ് രജിസ്റ്ററിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (സി) പ്രാദേശിക ജൈവവൈവിദ്ധ്യമാണ് ഈ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നത്. പ്രദേശത്തിന്റെ ജൈവവൈവിദ്ധ്യ പ്രാധാന്യം, കാർഷിക പാരമ്പര്യം, സാംസ്കാരിക വൈവിദ്ധ്യം എന്നിവ മനസ്സിലാക്കി അവയെ സംരക്ഷിക്കുക, പ്രാദേശികമായിട്ട് ലഭ്യമായിട്ടുള്ള ജൈവവിഭവങ്ങളുടേയും, |

അവയുമായി ബന്ധപ്പെട്ട നാട്ടറിവുകളുടേയും ബൗദ്ധികാവകാശം അർഹരായിട്ടുള്ളവർക്ക് ലഭ്യമാക്കുക, ജൈവവൈവിദ്ധ്യത്തിന്റെ സുസ്ഥിര ഉപയോഗത്തിലൂടെ അതിനെ ആശ്രയിക്കുന്ന ജനങ്ങളുടെ ജീവിതരീതി മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക തുടങ്ങിയവയ്ക്ക് രജിസ്റ്ററിലെ അടിസ്ഥാന വിവരങ്ങൾ ഉപയോഗപ്പെടുത്താവുന്നതാണ്.

| | | | |
|---|---|---|---|
| (ഡി) | എല്ലാ പഞ്ചായത്തുകളിലും ഈ രജിസ്റ്ററുകൾ തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ? | (ഡി) | സ്വീകരിച്ചിട്ടുണ്ട്. 660 പഞ്ചായത്തുകളിൽ ജൈവവൈവിദ്ധ്യ രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ട്. 165 പഞ്ചായത്തുകളിൽ ട്രെയിനിംഗ് നൽകി ജൈവവൈവിദ്ധ്യ രജിസ്റ്റർ തയ്യാറാക്കൽ ബി.എം.സി.കളുടെ മേൽനോട്ടത്തിൽ നടന്നു വരികയാണ്. |

**സെക്ഷൻ ഓഫീസർ**